പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 3225</u>   20/06/2014-<u>ൽ മറുപടിയ്ക്ക്</u>

<u>"ഒറ്റപ്പാലം മണ്ഡലത്തിൽ വൈദ്യുതി ശ്മശാനം നിർമ്മാണം "</u>

| ചോദ്യം<br><br>ശ്രീ. എം. ഹംസ | | ഉത്തരം<br><br>ഡോ. എം.കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഒറ്റപ്പാലം മണ്ഡലത്തിലെ ലക്കിടി പേരൂർ, പൂക്കോട്ടുക്കാവ്,അമ്പലപ്പാറ ഗ്രാമപഞ്ചായത്തുകളിൽ വൈദ്യുതി ശ്മശാനം നിർമ്മിക്കുന്നതിനായി തീരുമാനം എടുത്തിട്ടുണ്ടോ ; | (എ യും, ബി യും) | തീരുമാനം എടുത്തിട്ടുണ്ട്.<br><br>20.08.2013 ന് ബഹു. പഞ്ചായത്ത്-സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേർന്നു. യോഗത്തിൽ ചുവടെ ചേർക്കുന്നവർ സന്നിഹിതരായിരുന്നു.<br>1.ശ്രീ.എം.ഹംസ, എം.എൽ.എ<br>2.ശ്രീ.ശ്രീവൽസൻ.കെ. പ്രസിഡൻറ്, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്.<br>3.ശ്രീ.പി.എ).ഷൗക്കത്തലി, സെക്രട്ടറി, ലക്കിടിപേരൂർ ഗ്രാമപഞ്ചായത്ത്<br>4.ശ്രീമതി.എ).കെ.ഷീലാദേവി, പ്രസിഡൻറ്, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്.<br>5.ശ്രീമതി. ഗീതാ മോഹൻദാസ്, പ്രസിഡൻറ്,അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്.<br>6.ശ്രീ. കെ.അർജ്ജുനൻ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ,പാലക്കാട്<br>7.ശ്രീ.പി.പി.ജോണി, ജില്ലാ പ്ലാനിംഗ് ഓഫീസർ, പാലക്കാട്.<br>8.ശ്രീ.പി.എസ്, ബാബുരാജ്, എക്സിക്യൂട്ടീവ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്, പാലക്കാട്.<br>9.ഡോ.കെ.വേണുഗോപാലൻ, ജില്ലാ മെഡിക്കൽ ഓഫീസർ (എച്ച്) പാലക്കാട്<br>10.ശ്രീ.കെ.സതീഷ് കുമാർ, സെക്രട്ടറി, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്.<br>11.ശ്രീ. അഭിലാഷ് കൃഷ്ണൻ, അസിസ്റ്റൻറ് എഞ്ചിനീയർ, ലക്കിടി പേരൂർ |
| (ബി) | ഇതിനായി മന്ത്രിതലത്തിൽ എന്നാണ് യോഗം നടന്നതെന്നും ആരെല്ലാമാണ് പങ്കെടുത്തതെന്നും അറിയിക്കുമോ ; | | |

| | | | |
|---|---|---|---|
| | | | ഗ്രാമപഞ്ചായത്ത്.<br>12 ശ്രീ.പി.സി.സോമസുന്ദരൻ, അസിസ്റ്റൻറ് എഞ്ചിനീയർ, അമ്പലപ്പാറ ഗ്രാമപഞ്ചായത്ത്.<br>13.ശ്രീ.എം.കെ.പ്രസാദ്, സെക്രട്ടറി, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത്.<br>14.ശ്രീ.സി.ആർ. ഉണ്ണികുമാരൻ, സെക്രട്ടറി, ലക്കിടി പേരൂർ ഗ്രാമപഞ്ചായത്ത്.<br>15.ശ്രീ.സി.എൻ.ബാബു, പഞ്ചായത്ത് ജോയിൻറ് ഡയറക്ടർ. |
| (സി) | പ്രസ്തുത യോഗത്തിന്റെ തീരുമാനം എന്തായിരുന്നു; അതിൻമേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ ; | (സി യും, ഡി യും) | 20.08.2013 ന് ബഹു. പഞ്ചായത്ത്- സാമൂഹ്യനീതി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ തീരുമാനങ്ങൾ താഴെ പറയുന്നവയായിരുന്നു.<br>(1) ലക്കിടി പേരൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള ഭാരതപ്പുഴയുടെ തീരത്തുള്ള, ഇപ്പോൾ ശ്മശാന ഗ്രൗണ്ട് നിലവിലുള്ള പല്ലാരിമംഗലം എന്ന സ്ഥലത്ത് ലക്കിടി പേരൂർ, പൂക്കോട്ടുകാവ്, അമ്പലപ്പാറ പഞ്ചായത്തുകളുടെ പൊതു ഉപയോഗത്തിനായി ഒരു ശ്മശാനം നിർമ്മിക്കുക. ഇക്കാര്യത്തിൽ 3 പഞ്ചായത്തുകൾക്ക് അർഹതപ്പെട്ട ധനസഹായം ഏകോപിപ്പിച്ച് ലക്കിടി പേരൂർ പഞ്ചായത്തിന് നൽകുന്നതാണ്.<br>(2) ഇതിനായുള്ള പദ്ധതി ലക്കിടി പേരൂർ പഞ്ചായത്ത് തയ്യാറാക്കി അംഗീകാരത്തിനായി സമർപ്പിക്കേണ്ടതാണ്. ഇക്കാര്യം 3 പഞ്ചായത്തുകളുടെയും ഭരണസമിതി ചർച്ച ചെയ്ത് തീരുമാനമെടുക്കേണ്ടതും സർക്കാരിനെ അറിയിക്കേണ്ടതുമാണ്. പൊതുശ്മശാനം പ്രാദേശികമായി മൂന്ന് പഞ്ചായത്തുകളും ഉപയോഗിക്കുന്ന കാര്യത്തിൽ Memorandum of understanding ഉണ്ടാക്കേണ്ടതാണ്.<br>(3) ഗ്യാസ് ക്രിമിറ്റോറിയമാണോ, ഇലക്ട്രിക് ക്രിമറ്റോറിയമാണോ സാമ്പത്തികമായി അനുഗുണമായതെന്ന കാര്യത്തിൽ പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് സമർപ്പിക്കേണ്ടതാണ്.<br>പൊതുശ്മശാനം പ്രാദേശികമായി 3 പഞ്ചായത്തുകളും ഉപയോഗിക്കുന്ന |
| (ഡി) | യോഗത്തിലെ തീരുമാനത്തിൻ പ്രകാരം ഏതെല്ലാം ഉദ്യോഗസ്ഥൻമാരെയാണ് ശ്മശാനം നിർമ്മിക്കുന്നത് സംബന്ധിച്ച് ചുമതലകൾ ഏൽപ്പിച്ചിരുന്നത്; വിശദമാക്കാമോ; അതിൽമേൽ പ്രസ്തുത ഉദ്യോഗസ്ഥർ എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വിശദീകരിക്കാമോ ? | | |

| | | | |
|---|---|---|---|
| | | | കാര്യത്തിൽ Memorandum of understanding ഉണ്ടാക്കേണ്ടതിന് ലക്കിടി പേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാരെയും, ഗ്യാസ് ക്രിമിറ്റോറിയമാണോ, ഇലക്ട്രിക് ക്രിമിറ്റോറിമാണോ സാമ്പത്തികമായി അനുഗുണമെന്ന കാര്യത്തിൽ റിപ്പോർട്ട് നൽകാൻ പഞ്ചായത്ത് ഡയറക്ടറെയും ചുമതലപ്പെടുത്തുകയുണ്ടായി.<br>ലക്കിടി പേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് എന്നീ ഗ്രാമപഞ്ചായത്തുകൾ സംയുക്തമായി ലക്കിടി പേരൂർ പഞ്ചായത്തിന്റെ അധീനതയിലുള്ള പല്ലാരിമംഗലം എന്ന സ്ഥലത്ത് ആധുനിക വൈദ്യുതി ശ്മശാനം സ്ഥാപിക്കുന്നതിനുള്ള പദ്ധതി ഏറ്റെടുത്തിട്ടുണ്ട്.<br>തീരുമാനം (2) മേൽ അടിയന്തിര നടപടി സ്വീകരിക്കാൻ ലക്കിടി പേരൂർ, അമ്പലപ്പാറ, പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകുകയും ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിൽ നിന്നും പൊതു ശ്മശാന നിർമ്മാണത്തിനായി ലഭിച്ച പ്രൊപ്പോസൽ ഉൾപ്പെടെ 2014-15 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഫണ്ടിൽ നിന്നും ധനസഹായം അനുവദിക്കുന്നതിന് Special working group ന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

(ഒപ്പ്)
**സെക്ഷൻ ഓഫീസർ**